**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 4221** 19.10.2011 ലെ മറുപടിക്ക്

**നീതി സ്റ്റോറുകളിലെ ജീവനക്കാർ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീമതി. കെ.എസ്. സലീഖ** | | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് എത്ര നീതി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട് ; അതിൽ ആകെ എത്ര ജീവനക്കാരുണ്ട് ; സ്ഥിരം ജീവനക്കാരും താൽക്കാലിക ജീവനക്കാരും എത്രവീതമുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | സംസ്ഥാനത്ത് ആകെ 723 നീതി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ ആകെ 687 ജീവനക്കാർ ഉണ്ട്. അതിൽ 244 സ്ഥിരം ജീവനക്കാരും 443 താൽക്കാലിക ജീവനക്കാരും ഉണ്ട്. |
| ബി) പ്രസ്തുത ജീവനക്കാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്; | ബി) | സ്ഥിരം ജീവനക്കാരെ പത്ര പരസ്യത്തിലൂടെ സഹകരണ നിയമത്തിനും ചട്ടത്തിനും വിധേയമായി നിയമിക്കുന്നു. താൽക്കാലിക ജീവനക്കാരെ ഭരണസമിതി തീരുമാന പ്രകാരവും നീതി സ്റ്റോറിന്റെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ വ്യവസ്ഥയിലും (ഏകദേശം 2% മുതൽ 3% വരെ കമ്മീഷൻ നൽകി വരുന്നു) നിയമിക്കുന്നു. സർക്കാരിന്റെ 04.01.2011-ലെ ജി.ഒ.(പി)നം.03/2011/സഹ. നമ്പർ ഉത്തരവ് പ്രകാരം നീതി സ്റ്റോർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് ഉത്തരവ് നിലവിലുണ്ട്. |
| സി) പ്രസ്തുത ജീവനക്കാർക്ക് വേതനം നൽകുന്നതിന് പ്രതിമാസം എന്ത് തുക ചെലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | സി) | സ്ഥിരം ജീവനക്കാർക്ക് വേതനം നൽകുന്നതിന് പ്രതിമാസം ശരാശരി 38,05,881/- രൂപയും താൽക്കാലിക ജീവനക്കാർക്ക് സെയിൽസിന്റെ അടിസ്ഥാനത്തിൽ 2% മുതൽ 3% വരെ കമ്മീഷനും നൽകി വരുന്നു.<br>(ശരാശരി 3000/- രൂപ മുതൽ 6000/- രൂപ വരെ നൽകുന്നുണ്ട്). |
| ഡി) നീതി സ്റ്റോറുകളുടെ ലാഭ നഷ്ട കണക്കുകൾ തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | ഡി) | നീതി സ്റ്റോറുകളുടെ ലാഭ നഷ്ട കണക്കുകൾ തിട്ടപ്പെടുത്തിയിട്ടുണ്ട്. ലാഭത്തിൽ പ്രവർത്തിക്കുന്ന 549 നീതി സ്റ്റോറുകൾ 1,72,09,551.66/- രൂപ ലാഭത്തിലും നഷ്ടത്തിൽ പ്രവർത്തിക്കുന്ന 174 നീതിസ്റ്റോറുകൾ 65,64,250.18/- രൂപ നഷ്ടത്തിലും പ്രവർത്തിക്കുന്നു. |

**സെക്ഷൻ ഓഫീസർ**